**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2962** **03-08-2021 - ൽ മറുപടിയ്ക്ക്**

**പി. മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ പി.മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാദമി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | പി.മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാഡമി എന്ന പദ്ധതി നിലവിലില്ല. എന്നാൽ കിഫ്ബി ധനസഹായത്തോടെ മലപ്പുറം ജില്ലാ സ്റ്റേഡിയമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മൊയ്ദീൻകുട്ടി ഇൻഡോർ സ്റ്റേഡിയം പയ്യനാട്ടുള്ള സ്പോർട്സ് കോംപ്ലക്സിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയനിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ, എസ്.പി.വി ആയ കിറ്റ്കോ ലിമിറ്റഡ് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | മലപ്പുറം ജില്ലയിൽ ഒരു സ്പോർട്സ് അക്കാദമി യാഥാർത്ഥ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | പരിശോധിക്കാവുന്നതാണ്. |
| (സി) | അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയത്തിന്റെ അഭാവം ജില്ലയിലെ കായിക വികസനത്തിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എം.എസ്.പി. യുടെ കീഴിലുള്ള മലപ്പുറം കോട്ടമണ്ണ സ്റ്റേഡിയം അന്തർ ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ